**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 449** **05-07-2024 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി മേഖലയിൽ ഏർളി ഇന്റെർവെൻഷൻ സെന്ററുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീമതി ഒ എസ് അംബിക | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ജനനസമയത്ത് തന്നെ ഭിന്നശേഷി കണ്ടെത്തി അനുയോജ്യമായ ചികിത്സകൾ നടത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഇതിനായി ജില്ലാ കേന്ദ്രങ്ങളിൽ പ്രത്യേക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കുഞ്ഞുങ്ങളിലെ കേൾവി സംബന്ധമായ പ്രശ്നങ്ങൾ എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനായി ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവിപരിശോധന നടത്തുന്നതിനുള്ള സൗകര്യം 'കാതോരം' എന്ന പദ്ധതിയിലൂടെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന സംസ്ഥാനത്തെ 61 സർക്കാർ ഡെലിവറി പോയിന്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും, തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി തിരുവനന്തപുരം,ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ അഞ്ച് മെഡിക്കൽ കോളേജുകളിൽ റീജിയണൽ ഏർളി ഇന്റെർവെൻഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു.<br><br>RBSK പ്രോഗ്രാമിന്റെ ഭാഗമായി ദേശീയ ആരോഗ്യ ദൗത്യം വഴി എല്ലാ ജില്ലകളിലും ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെൻറർ പ്രവർത്തിച്ചു വരുന്നു. കുട്ടികളിലെ വളർച്ചയും വികസനവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളും വൈകല്യങ്ങളുമുള്ള, ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളെ പരിശോധിക്കാനും സമയാധിഷ്ഠിതമായി മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനും ജില്ലാതല ആശുപത്രിയിൽ പ്രവർത്തിക്കുന്ന പ്രത്യേക സ്ഥാപനമാണ് ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്റർ (ഡി.ഐ.ഇ.സി.). ഡി.ഐ.ഇ.സി കളിൽ ഓട്ടിസം ബാധിച്ച 18 വയസ്സ വരെയുള്ള എല്ലാ കുട്ടികൾക്കും വിവിധങ്ങളായ തെറാപ്പി ഉൾപ്പടെയുള്ള ചികിത്സ സൗജന്യമായി ലഭ്യമാണ്. |

നവജാത ശിശുക്കളുടെ സമഗ്ര ആരോഗ്യ പരിശോധനയിലൂടെ അവരുടെ അസുഖങ്ങൾ കാലേക്കൂട്ടികണ്ടെത്തുതിനും, കൃത്യമായ ഇടപെടൽ നടത്തി ചികിത്സ ഉറപ്പ് വരുത്തുന്നതിനും ഫോളോഅപ്പ് നടപടികൾ ഏകീകരിച്ച് കുഞ്ഞുങ്ങളെ ആരോഗ്യപൂർണ്ണമായ അതിജീവനത്തിലേക്ക് കൈപിടിച്ചുയർത്തുന്ന തിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ശലഭം. ഈ പദ്ധതി മുഖാന്തിരം സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുട്ടികളേയും സമഗ്രമായ പരിശോധനകൾക്ക് വിധേയരാക്കുന്നു. വിവിധതരം പരിശോധനകൾ താഴെ ചേർക്കുന്നു.

1. Visible Birth defect സ്ക്രീനിംഗ് - ജനിച്ച് 24 മണിക്കൂറിനുള്ളിൽ പരിശോധിക്കപ്പെടുന്നു.

2. Pulse oximetric സ്ക്രീനിംഗ് - ജന്മനായുള്ള ഹൃദ്രോഗബാധ തിരിച്ചറിയുന്നതിന്, 24-48 മണിക്കൂറിനുള്ളിൽ നടത്തപ്പെടുന്നു.

3. OAE (ഓട്ടോ അകൗസ്റ്റിക്ക് എമിഷൻ) സ്ക്രീനിംഗ്- കേൾവി പരിശോധന;- 24-48 മണിക്കൂറിനുള്ളിൽ നടത്തപ്പെടുന്നു.

4. IEM രക്തപരിശോധന - ജന്മനായുള്ള മെറ്റബോളിക് അസുഖങ്ങൾ കണ്ടെത്തുന്നതിന് - 48 മണിക്കൂറിനുള്ളിൽ/അല്ലെങ്കിൽ ഡിസ്ചാർജിന് മുമ്പ്.

മേൽപ്പറഞ്ഞ തരത്തിൽ സമഗ്ര ആരോഗ്യ പരിശോധന തല മുതൽ കാൽപാദം (Head to toe) വരെ നടത്തേണ്ടതാണ്. ആശുപത്രികളിൽ പരിശീലനം സിദ്ധിച്ച സ്റ്റാഫ് നഴ്സ് അല്ലെങ്കിൽ ആർ.ബി.എസ്.കെ നഴ്സുമാരാണ് ഇത്തരത്തിൽ പരിശോധന നടത്തേണ്ടത്. പ്രവർത്തനങ്ങൾ എല്ലാം തന്നെ പീഡിയാട്രിഷൻ/മെഡിക്കൽ ഓഫീസർ എന്നിവരുടെ നേതൃത്വത്തിലാണ് നടത്തപ്പെടുന്നത്.

ഇതിൽ ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങൾക്ക് നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ സേവനം ലഭിക്കുന്നത് 2 സ്ഥാപനങ്ങളിലൂടെ യാണ്. ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെൻറർ (DEIC) മുഖാന്തിരവും, കേരള സാമൂഹ്യ സുരക്ഷാ മിഷനുമായി ചേർന്ന് നടപ്പിലാക്കി വരുന്ന മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (അനുയാത്ര പദ്ധതി) മുഖാന്തിരവും. രണ്ട് സ്ഥാപനത്തിലും സൈക്കോളജിസ്റ്റ്, സ്പീച്ച് ഓഡിയോ തെറാപ്പിസ്റ്റുകൾ, ഫിസിയോതെറാപ്പിസ്റ്റുകൾ, സ്പെഷ്യൽ എഡ്യൂക്കേറ്റർ തുടങ്ങിയവരുടെ സൗജന്യസേവനം ലഭ്യമാണ്.

| | | | |
|---|---|---|---|
| | | | കൂടാതെ ഡെവലപ്പ്മെന്റ് തെറാപിസ്റ്റുകളുടെ സേവനം മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളിൽ ലഭ്യമാണ്. ഇതിനുപുറമെ, പീഡിയാട്രിഷ്യൻ, മെഡിക്കൽ ഓഫീസർ, ഡെന്റൽ സർജൻ, ഡെന്റൽ ഹൈജീനിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാണ്. |
| (ബി) | ജില്ലാ സെന്ററുകളിൽ എത്താൻ കഴിയാത്ത ഭിന്നശേഷിക്കാർക്ക് സേവനം ലഭ്യമാക്കുന്നതിന് മൊബൈൽ യൂണിറ്റുകൾ ഏർപ്പടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. അനുയാത്ര പദ്ധതിയുടെ ഭാഗമായി Fixed day ക്ലിനിക്കുകളായി ജില്ല സെന്ററുകളിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലേയ്ക്കായി 6 ബ്ലോക്കുകൾക്ക് ഒന്ന് എന്ന വിധത്തിൽ 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | ഏർളി ഇന്റെർവെൻഷൻ സെന്ററുകളുടെ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് ഭിന്നശേഷി മേഖലയിൽ എന്ത് മാറ്റമാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ? | (സി) | എത്രയും നേരത്തെ കുട്ടികളിലെ വളർച്ചാ വൈകല്യങ്ങൾ കണ്ടെത്തി ആവശ്യമായ Stimulation therapy service-കൾ കൃത്യമായ ഇടവേളകളിൽ മരുന്നിനും മറ്റ് ചികിത്സകൾക്കുമൊപ്പം ലഭ്യമാക്കിക്കൊണ്ട് near-normal ജീവിതത്തിലേക്ക് ഓരോ ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങളെയും എത്തിക്കുക എന്നതാണ് ഏർളി ഇന്റർവെൻഷൻ സെന്ററുകൾ കൊണ്ട് ലക്ഷ്യമിടുന്നത്. Survival to healthy survival എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഏർളി ഇന്റർവെൻഷൻ സെന്ററുകളുടെ ഉചിതമായ പ്രാരംഭ തെറാപ്പി ഇടപെടലുകളിലൂടെ ഭിന്നശേഷിയുള്ളവരിലെ വൈകല്യം പൂർണ്ണമായോ, ഭാഗികമായോ മാറ്റുന്നതിനും ,വൈകല്യത്തിന്റെ തോത് കുറച്ച് ഭിന്നശേഷിക്കാർക്ക് മറ്റുള്ളവരെപ്പോലെ ജീവിക്കുവാനും, അവരുടെ ജീവിതാവസ്ഥ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്തെ മാറ്റിയെടുക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ